# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4529** — 25.10.2016- ൽ മറുപടിയ്ക്ക്

**<u>തിരുമുല്ലവാരം വനിതാക്ഷേമ സഹകരണ സംഘത്തിലെ അഴിമതി</u>**

| ചോദ്യം<br>ശ്രീ. എം. മുകേഷ് | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) കൊല്ലം ജില്ലയിലെ തിരുമുല്ലവാരം വനിതാക്ഷേമ സഹകരണ സംഘത്തിലെ (Q-1094) അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് സഹകരണ ആക്ട് വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ നാളിതുവരെ ഒരു നടപടിയും എടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 1969 ലെ സഹകരണ നിയമം വകുപ്പ് 68(1) അനുസരിച്ച് അന്വേഷണ ഉദ്യോഗസ്ഥനായ ആദിച്ചനല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും വകുപ്പ് 68(2) പ്രകാരം സർചാർജ് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിന് കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് ജോയിന്റ് രജിസ്ട്രാർ സിറ്റി പോലീസ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ട്. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സംഘം സെക്രട്ടറിയെ അറസ്റ്റ് ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുള്ളതും പോലീസ് നടപടി ഇപ്പോഴും തുടർന്നു വരുന്നതുമാണ്. |
| ബി) പ്രസ്തുത സംഘത്തിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും നടത്തിയവർക്കെതിരെ നിയമാനുസൃത നടപടി അടിയന്തരമായി സ്വീകരിക്കുമോ? | (ബി) സഹകരണ വകുപ്പ് 65, 68(1), 68(2) എന്നിവ പ്രകാരം കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നടപടി സ്വീകരിച്ചു വരുന്നതിനു പുറമേ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിനായി സിറ്റി പോലീസ് കമ്മീഷണർക്ക് കത്ത് നൽകിയതിൻ പ്രകാരം സംഘം സെക്രട്ടറിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് ഭാരവാഹികൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**